കേരള സർക്കാർ

# പോത്താനിക്കാട് ഗ്രാമപഞ്ചായത്ത്

# 2017-18

# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

.

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി14)131/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്–682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

തീയതി : 12.03.2019

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പോത്താനിക്കാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് – 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-
1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇകെഎം(പി14) 131/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
email :doekm.ksad@kerala.gov.in
തീയതി : 12.03.2019

## എറണാകുളം ജില്ലയിലെ പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2017. മുതൽ 31.12.2018 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.

ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ജയ സി ആർ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.01.2019 മുതൽ 29.01.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | റസിയ ബീവി ജെ, ഓഡിറ്റ് ഓഫീസർ |
| | ജലജ എം കെ, അസി: ഓഡിറ്റ് ഓഫീസർ |
| | റഷീദ് സി എം, അസി: ഓഡിറ്റ് ഓഫീസർ |
| | സ്വപ്ന വി, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| പ്രസിഡന്റ് | അലക്സി സ്കറിയ | 01.04.2017 | 31.03.2018 |
| സെക്രട്ടറി | അനിൽ കുമാർ കെ (അസി:സെക്രട്ടറി, ചാർജ്) | 01.04.2017 | 09.04.2017 |
| | സുധാദേവി എസ് വി (ജെ എസ് പെർഫോർമൻസ് ഓഡിറ്റ്, ചാർജ്) | 10.04.2017 | 26.04.2017 |
| | ഷീല ഇ എസ് | 27.04.2017 | 08.06.2017 (എഫ് എൻ) |
| | ചന്ദ്രൻ നായർ കെ | 08.6.2017 (എ എൻ) | 31.3.2018 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | കെ. അനിൽകുമാർ | 01.04.2017 | 13.07.2017 |
| | ഒഴിവ് | 14.07.2017 | 20.07.2017 |
| | ജാനറ്റ് പോൾ | 21.07.2017 | 31.03.2018 |
| കൃഷി ഓഫീസർ | സൂസൻ ലീ തോമസ് | 01.04.2017 | 31.03.2018 |
| അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി | നസിയ പി.എം | 01.04.2017 | 31.03.2018 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.സഖി രവീന്ദ്രൻ | 01.04.2017 | 30.07.2017 |
| | സുജേഷ് എം | 31.07.2017 | 31.03.2018 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.വിഭ റോസ്മി ജോൺ | 01.04.2017 | 31.03.2018 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.മിനിമോൾ കെ ആർ | 01.04.2017 | 31.03.2018 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | റമീസ് പി. മുഹമ്മദ് | 01.04.2017 | 15.10.2017 |
| | എലിസബത്ത് സി ജോർജ് | 16.10.2017 | 31.03.2018 |
| വെറ്ററിനറി സർജൻ | ഡോ.ഷീന ജോസഫ്. | 01.04.2017 | 05.06.2017 |
| | ഡോ.സുമീറ ഇബ്രാഹിം | 06.06.2017 | 31.03.2018 |

| | | | |
|---|---|---|---|
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | അജയൻ പി എസ് | 01.04.2017 | 31.03.2018 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | വി.എ. റാഷിദ | 01.04.2017 | 30.09.2017 |
| | ഷീല പി വി | 01.10.2017 | 13.12.2017 |
| | ഷാന്റി എം എസ് | 14.12.2017 | 31.03.2018 |
| ഹെഡ് മിസ്ട്രസ്സ്, ജി.എൽ.പി.എസ്, പോത്താനിക്കാട് | കെ.കെ. സെൽമ. | 01.04.2017 | 05.06.2017 |
| | റംല കെ കെ | 06.06.2017 | 31.03.2018 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-12 |
| | ഭാഗം – 2 | |
| 13 | തൊഴിൽ നികുതി ഈടാക്കിയില്ല | 2-1 |
| 14 | ബിലേറ്റഡ് ഫീസ് ഈടാക്കിയില്ല | 2-2 |
| 15 | എൻ ഒ സി ഇല്ലാതെ കെട്ടിട നമ്പർ നൽകി | 2-3 |
| | ഭാഗം - 3 | |
| 16 | സൗരോർജ്ജ പ്രൊജക്ട് സബ്സിഡി അപാകത | 3-1 |
| 17 | സെന്റേജ് ചാർജ് അധിക തുക നൽകി. | 3-2 |
| 18 | ഭിന്നശേഷി സ്കോളർഷിപ്പ് അർഹമായ നിരക്കിൽ നൽകിയില്ല | 3-3 |
| 19 | പാൽ സബ്സിഡി-നിരക്കിലെ അപാകത | 3-4 |
| 20 | തെരുവു വിളക്ക് പരിപാലനം -അപാകതകൾ . | 3-5 |

| | | |
|---|---|---|
| | ഭാഗം – 4 | |
| 21 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 22 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 23 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 24 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 25 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 26 | ഓഡിറ്റ് റിക്കവറി | 4-6 |
| 27 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 29 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 30 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 31 | ഓഡിറ്റ് സർട്ടിഫിക്കറ്റ് – 2017-18 | അനുബന്ധം.1 |
| 32 | ബാലൻസ് ഷീറ്റ് – 2017-18 | |
| 33 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് – 2017-18 | അനുബന്ധം.2 |
| 34 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് – 2017-18 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2017-18 ലേക്കുള്ള ബജറ്റ് 28.03.2017 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 2.03.2018 തീയതിയിലെ 1-ാം നമ്പർ തീരുമാനം പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 17.05.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 21-22/06/2018 | KSA-EKM(PG) 1786/(65/ 2018/30.08.2018 |

(ഓഡിറ്റ് സർട്ടിഫിക്കറ്റ് , ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

.

| | |
|---|---|
| മുന്നിരിപ്പ് | 4341281 |
| വരവ് | 30444486 |
| ആകെ | 34785767 |
| ചെലവ് | 30789097 |
| നീക്കിയിരിപ്പ് | 3996670 |

.

## 1-5 ഫണ്ട് വിനിയോഗം

ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീ ക്കി ബാക്കി (RP40B) | ചെല വഴി ക്കാതെ പോയ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 5628000 | 5628000 | 5628000 | 0 | |
| വികസന ഫണ്ട് (എസ്.സി. പി) | 0 | 1609017 | 1609017 | 1609017 | 0 | |
| വികസന ഫണ്ട് (ടി. എസ്. പി) | 0 | 98959 | 98959 | 98959 | 0 | |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 2631000 | 2631000 | 2631000 | 0 | |
| സംരക്ഷണ ഗ്രാന്റ് (റോഡി | 0 | 3054239 | 3054239 | 3054239 | 0 | |

| | | | | | | |
|---|---|---|---|---|---|---|
| തരം) | | | | | | |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 2720014 | 2720014 | 2720014 | 0 | |
| കെ. എൽ. എസ്. ജി. ഡി. പി | 0 | 231427 | 231427 | 231427 | 0 | |
| എം.എൻ ആർ.ഇ. ജി.എസ്. | 13105.60 | 490910 | 504015.6 | 495938.60 | 8077 | |
| ജനറൽ പർപ്പസ് ഗ്രാന്റ് (ട്രഷറി) | 1323511 | 3791239 | 5114750 | 4993123 | 121627 | |
| ട്രഷറി (ജോയിന്റ് വെഞ്ച്വർ - ബ്ലോക്ക് പഞ്ചായത്ത്) | 0 | 522250 | 522250 | 522250 | 0 | |
| ട്രഷറി (ജോയിന്റ് വെഞ്ച്വർ - ജില്ലാ പഞ്ചായത്ത്) | 0 | 2237833 | 2237833 | 2136696 | 101137 | |
| ICDS | 0 | 300444 | 300444 | 0 | 300444 | |
| ദുരിതാശ്വാസ നിധി | 100 | 0 | 100 | 0 | 100 | |
| ജനകീയ ഭവനം | 1316 | 0 | 1316 | 0 | 1316 | |
| പ്ലാൻ ഇംപ്രസ്റ്റ് | 17606.05 | 192 | 17798.05 | 17798 | .05 | |
| സാക്ഷരത | 45 | 0 | 45 | 0 | 45 | |
| ബി. ഫണ്ട് | 0 | 112880 | 112880 | 112880 | 0 | |
| തനത് ഫണ്ട് | 2958162.35 | 6591659 | 9549821.35 | 6510321 | 3039500.35 | |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്. എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത്.എണ്ണം | പദ്ധതി ചെലവ് | ഭാഗികമായിനടപ്പാക്കിയത്. എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 111 | 18651153 | 106 | 15972656 | 0 | 5 | 85.6 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പ്രോജക്ടുകൾ

1.വയബിലിറ്റി ഗ്യാപ്പ് ഫണ്ട്

പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ നടപ്പിലാക്കാൻ കഴിയുമെന്നുറപ്പുവരുത്തേണ്ടതാണ്.

## 1-7 തൊഴിലുറപ്പ് പദ്ധതി

.

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 13105.60 | 490910 | 504015.6 | 495938 | 8077.60 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 5887931 | 5887931 | 5887931 | 0 |
| ആകെ | 13105.6 | 6378841 | 6391946.6 | 6383869 | 8077.6 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 14880 | 25 |
| കർഷകതൊഴിലാളി പെൻഷൻ | 3249800 | 282 |
| വിധവാപെൻ ഷൻ | 3351400 | 292 |
| വാർദ്ധക്യകാല പെൻഷൻ | 8862500 | 716 |
| ശാരീരികവും മാനസിക വുമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 1686300 | 141 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 180000 | 15 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.1.2019 3 പി എം ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5042 /- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

രജിസ്റ്ററുകളുടേയും ഫയലുകളുടേയും സൂക്ഷിപ്പ് പൊതുവിൽ തൃപ്തികരമാണ്. തനത് ഫണ്ട് സൂക്ഷിക്കുന്നതിന് യൂണിയൻ ബാങ്കിൽ താഴെ പറയും പ്രകാരം 2 അക്കൗണ്ടുകൾ സൂക്ഷിക്കുന്നുണ്ട്.

1.423001010038056- കറന്റ് അക്കൗണ്ട്.

2.423002010021629- സേവിംഗ്സ് അക്കൗണ്ട്.

സേവിംഗ്സ് അക്കൗണ്ട് മാത്രം നിലനിർത്തി, തനത് ഫണ്ട് സൂക്ഷിക്കുന്നതിന് ഒരു അക്കൗണ്ട് എന്ന വ്യവസ്ഥ പാലിക്കേണ്ടതാണ്.

.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.01.2019 | 1.11.2018 മുതൽ 31.12.2018വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.01.2014 മുതൽ 30.01.2014 വരെ | 20-08-09 മുതൽ 2012-13 വരെ | 13.03.2014 |

# 1-12 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

1.വസ്തു നികുതി സംബന്ധിച്ച വാർഷിക ധനകാര്യ പത്രികയിലെ കണക്കുകൾ സഞ്ചയപ്രകാരമുള്ള കണക്കുമായി പൊരുത്തപ്പെടുന്നില്ല.

2.ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
3.ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ 1-16 ഷെഡ്യൂളിൽ ട്രേഡേഴ്സ് പ്രൊഫഷൻ ടാക്സ് (270300102), ഷോപ്പിംഗ് കോംപ്ലക്സ് വാടക (270300201), മറ്റിനം എഴുതി തള്ളൽ (27030991) എന്നീ ഹെഡുകളിൽ യഥാക്രമം രൂപ 90120,4070.13500 എന്നീ തുകകൾ 98 ലെ കേരള പഞ്ചായത്ത് രാജ് ( വസൂലാക്കാൻ സാധിക്കാത്ത തുകകൾ എഴുതിതള്ളൽ ) ചട്ടങ്ങൾ,ചട്ടം 3(1), 3(3), 3(6) എന്നിവ പാലിക്കാതെ എഴുതി തള്ളിയിട്ടുണ്ട്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 തൊഴിൽ നികുതി ഈടാക്കിയില്ല

താഴെ പറയുന്ന സ്ഥാപനങ്ങളുടെ 2017-2018 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ,സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട കാലയളവ് ( ജീവനക്കാരുടെ തൊഴിൽ നികുതി) | ഈടാക്കേണ്ട കാലയളവ്(സ്ഥാപന തൊഴിൽ നികുതി) |
|---|---|---|---|
| 1 | മാവേലി സ്റ്റോർ,പോത്താനിക്കാട് | -- | 2017-18 ഒന്ന്, രണ്ട് അർദ്ധ വാർഷികം |
| 2 | പോത്താനിക്കാട് ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ബാങ്ക് | -- | 2017-18 ഒന്ന്, രണ്ട് അർദ്ധ വാർഷികം |

| | | | |
|---|---|---|---|
| 3 | പി.ഡി.ഡി.പി സൊസൈറ്റി,പറമ്പഞ്ചേരി | -- | 2017-18 ഒന്ന് ,രണ്ട് അർദ്ധ വാർഷികം |
| 4 | ബി.എസ്.എൻ.എൽ | -- | 2017-18 ഒന്ന് ,രണ്ട് അർദ്ധ വാർഷികം |
| 5 | കെ.എസ്. ബി.സി | -- | 2017-18 ഒന്ന് ,രണ്ട് അർദ്ധ വാർഷികം |
| 6 | മുത്തൂറ്റ് ഫിനാൻസിയേഴ്സ് | 2017-18 ഒന്ന്, രണ്ട് അർദ്ധ വാർഷികം | 2017-18 ഒന്ന്,രണ്ട് അർദ്ധ വാർഷികം |
| 7 | ശേഖർ മാച്ച് ഇൻഡസ്ട്രീസ് | -- | 2017-18 ഒന്ന്,രണ്ട് അർദ്ധ വാർഷികം |
| 8 | സെന്റ് മേരീസ് ഹോസ്പിറ്റൽ | -- | 2017-18 ഒന്നാം അർദ്ധ വാർഷികം |
| 9 | കെ.എസ്.ഇ.ബി പോത്താനിക്കാട് | -- | 2017-18 ഒന്ന്,രണ്ട് അർദ്ധ വാർഷികം |
| 10 | പി.ഡി.ഡി.പി തൃക്കേപ്പടി | -- | 2017-18 ഒന്ന്,രണ്ട് അർദ്ധ വാർഷികം |
| 11 | ഗ്രേസ് ഓഡിറ്റോറിയം | -- | 2017-18 ഒന്ന്,രണ്ട് അർദ്ധ വാർഷികം |
| 12 | അനുപമ ഫിനാൻസിയേഴ്സ് | 2017-18 ഒന്ന്,രണ്ട് അർദ്ധവാർഷികം | 2017-18 ഒന്ന്,രണ്ട് അർദ്ധവാർഷികം |
| 13 | നോർത്ത് പുളിന്താനം പി.ഡി.ഡി.പി | 2017-18 ഒന്ന്,രണ്ട് അർദ്ധവാർഷികം | 2017-18 ഒന്ന്,രണ്ട് അർദ്ധവാർഷികം |
| 14 | ഭവന നിർമ്മാണ സഹകരണ സംഘം, പോത്താനിക്കാട് | 2017-18 ഒന്ന്,രണ്ട് അർദ്ധവാർഷികം | 2017-18 ഒന്ന്,രണ്ട് അർദ്ധവാർഷികം |
| 15 | ശ്രീ നാരായണ കോളേജ് | 2017-18 ഒന്ന്, രണ്ട് അർദ്ധവാർഷികം | 2017-18 ഒന്ന്,രണ്ട് അർദ്ധവാർഷികം |
| 16 | വനിതാ സഹകരണ സംഘം ,പോത്താനിക്കാട് | 2017-18 ഒന്ന്, രണ്ട് അർദ്ധവാർഷികം | 2017-18 ഒന്ന്,രണ്ട് അർദ്ധവാർഷികം |
| 17 | എ.ഇ , എൽ.എസ്.ജി.ഡി | 2017-18 ഒന്ന്, രണ്ട് അർദ്ധവാർഷികം | -- |

തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 ബിലേറ്റഡ് ഫീസ് ഈടാക്കിയില്ല

. എച്ച്.പി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്ര സാമഗ്രികളുള്ള സ്ഥാപനങ്ങളുടെ താമസിച്ച് ലഭിക്കുന്ന അപേക്ഷകളിൻമേൽ ഡി & ഒ ലൈസൻസ് ചട്ടങ്ങളിലെ 19,22 എന്നിവ പ്രകാരം ലൈസൻസ് ഫീസിന്റെ 25% അധിക ഫീസ്(ബിലേറ്റഡ് ഫീ) ചുമത്താം. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ബിലേറ്റഡ് ഫീ ഈടാക്കിയില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് / സ്ഥാപന ഉടമ | ഈടാക്കിയ ലൈസൻസ് ഫീ തുക/രസീത് നമ്പർ | ഈടാക്കേണ്ട ബിലേറ്റഡ് ഫീസ് |
|---|---|---|---|
| 1 | എം.എം ഫ്യവൽസ്, 6 എച്ച് പി,ബെന്നി വർഗ്ഗീസ്, ചീരകത്തോട്ടത്തിൽ , പോത്താനിക്കാട് | 2000, 117030100297/ 11.5.17 | 500 |
| 2 | ഇന്ത്യൻ ഹോളോബ്രിക്സ്,10 എച്ച് പി, റോയിവർഗ്ഗീസ് , തോപ്പിൽ ,പുളിന്താനം | 1000, 117030100372/ 23.517 | 250 |
| 3 | സെന്റ് ജോർജ്ജ് സർവീസ് സ്റ്റേഷൻ,4 എച്ച് പി, തോമസ് എബ്രഹാം , തോലാനിക്കുന്നേൽ, പോത്താനിക്കാട് | 200, 117030100473/ 7.6.17 | 50 |
| 4 | മന്നം ഫ്രഷ് ബേക്കേഴ്സ്,4എച്ച് പി, യോഹന്നാൻ കെ.സി, കരുച്ചിറയിൽ, പൈങ്ങോട്ടൂർ | 200, 117030100557/ 22.6.17 | 50 |
| 5 | ആര്യ ഹോട്ടൽ,½ എച്ച് പി, ഷാജി പി.കെ, പാലമൂട്ടിൽ, പോത്താനിക്കാട് | 200, 117030100583/ 27.6.17 | 50 |
| 6 | ഡിസ്റ്റിംഗ്റ്റ് ഫുഡ്സ് പ്രൈ.ലിമിറ്റഡ്, 2 എച്ച് പി,മുഹമ്മദ് സനിൽ, തുരുത്തേൽ, മണിക്കിണർ | 500, 117030101494/ 30.10.17 | 125 |
| 7 | ക്ലാസിക് പേപ്പർ പ്രൊഡക്ട്സ്,3 എച്ച് പി, ജോബി വർഗ്ഗീസ് , ഉന്നത്തുവീട്ടിൽ, പോത്താനിക്കാട് | 300, 117030101742/ 21.11.17 | 75 |
| ആകെ | | | 1100 |

ബിലേറ്റ് ഫീ 1100 രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. (ക്രമ നമ്പർ 1,2,3 എന്നിവയുടെ ഫീസ് വാങ്ങിയ സമയത്തെ സെക്രട്ടറി മരണപ്പെട്ടതിനാൽ വ്യക്തമായ നഷ്ടത്തിൽ ഉൾപ്പെടുത്തിയിട്ടില്ല).

.

## 2-3 എൻ ഒ സി ഇല്ലാതെ കെട്ടിട നമ്പർ നൽകി

ജി 1 വിഭാഗത്തിൽ പെട്ട 299.39$M^2$ കെട്ടിടം നിർമ്മിക്കുന്നതിന് അബ്ദുൾ മജിദ്, അഷറഫ് മുതൽ പേർക്ക് ബിൽഡിംഗ് പെർമിറ്റ് (നം 29.01.2017 ൽ C3-(4656/16) നൽകിയിട്ടുണ്ട് (ഫീസ്

1545, രസീത് നമ്പർ 11603102055/18.10.2016). 16.07.2017 ലെ കംപ്ലീഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 16.7.2017 ൽ 12605 രൂപ നികുതി നിർണ്ണയിച്ച് കെട്ടിട നം (139/A ) നൽകി.ഫയർ & റെസ്ക്യൂ സർവീസിൽ നിന്ന് ലഭിച്ച ഇനീഷ്യൽ എൻ ഒ സി യിൽ (നം G -9981/16 /17.01.2017) നിർമ്മാണം പൂർത്തിയാക്കിയ ശേഷം ഫൈനൽ എൻ ഒ സി ലഭ്യമാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഫൈനൽ ഫയർ എൻ ഒ സി ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഹാജരാക്കണമെന്നാവശ്യപ്പെട്ട് 28.01.2019 ൽ ഓഡിറ്റ് എൻക്വയറി (നം 7) നൽകിയതിന് സമർപ്പിച്ച മറുപടിയിൽ ഫൈനൽ എൻ ഒ സി ലഭിച്ചിട്ടില്ല എന്ന് അറിയിച്ചു. ആയത് ഹാജരാക്കുന്നതിന് അപേക്ഷകർക്ക് നിർദ്ദേശം നൽകുന്നതാണെന്നും അറിയിച്ചു.കെട്ടിട നമ്പർ നൽകുമ്പോൾ അവശ്യ രേഖകൾ ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സൗരോർജ്ജ പ്രൊജക്ട് സബ്സിഡി അപാകത

പഞ്ചായത്ത് 2017-18 ൽ നടപ്പാക്കിയ നൂതന പ്രോജക്ടാണ് സൗരോർജ്ജ പാനൽ പ്രൊജക്ട്. നൂതനവും മാതൃകാപരവുമായ പ്രോജക്ടിന്റെ ഭാഗമായി അനർട്ടിൽ നിന്ന് ലഭിക്കേണ്ട സബ്സിഡി ലഭിച്ചില്ല.

പ്രൊജക്ടിന്റെ വിശദ വിവരം

| | |
|---|---|
| പ്രൊജക്ട് നമ്പർ/ പേര് | SO123/18, സ്ട്രീറ്റ് ലൈറ്റിനു വേണ്ടി സോളാർ പാനൽ സ്ഥാപിക്കൽ |
| അടങ്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 25,00,000<br>തനത് ഫണ്ട് - 140000<br>ആകെ - 2640000 |
| ചെലവ് | 2640000<br>ട്രഷറി ബിൽ നമ്പർ 37/2017-18/ 15.3.2018 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പ്രൊജക്ട് നിർവ്വഹണം സംബന്ധിച്ച അപാകതകൾ താഴെ ചേർക്കുന്നു.

1.ഡെപ്പോസിറ്റ് വർക്കായി നിർവ്വഹണ ചുമതല നൽകിയാൽ 3 ലക്ഷം രൂപ സബ്സിഡിയായി ലഭിക്കുമെന്നതിനാൽ അനർട്ടിനെ നിർവ്വഹണ ഏജൻസിയായി പഞ്ചായത്ത് കമ്മറ്റി 25.11.2017 1(1) നമ്പർ തീരുമാന പ്രകാരം തെരഞ്ഞെടുത്തു. എന്നാൽ അനർട്ടിന്റെ 25.05.2018 ലെ 54/Dp.W /അനർട്ട് (ഇകെഎം)/2018 കത്ത് പ്രകാരം കേന്ദ്ര ഗവൺമെന്റിന്റെ സബ്സിഡി പഞ്ചായത്തിന് ലഭിക്കുന്നതല്ല. സബ്സിഡി ലഭിക്കും എന്ന കാരണത്താൽ ഓപ്പൺ ടെണ്ടർ നടപടി ഒഴിവാക്കിയതിനാൽ ടെണ്ടർ തുകയിൽ കുറവ് ലഭിക്കാനുള്ള അവസരം പഞ്ചായത്തിന് നഷ്ടപ്പെട്ടു. ഇക്കാര്യം സംബന്ധിച്ച് 22.01.2018 ൽ നൽകിയ 2-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ ഫണ്ട് ട്രാൻസ്ഫർ ചെയ്യുന്നതിലെ കാലതാമസം മുഖാന്തിരം ആണ് സബ്സിഡി തുക ലഭിക്കാതിരുന്നതെന്നും പദ്ധതി കമ്മീഷൻ ചെയ്ത് ശുപാർശ കേന്ദ്ര സർക്കാരിന് അയക്കുന്ന മുറക്ക് സബ്സിഡി ലഭിക്കുന്നതാണെന്നും അറിയിച്ചു.സബ്സിഡി ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2.അനർട്ടും പഞ്ചായത്തും തമ്മിൽ 19.6.2018 ന് ഒപ്പിട്ട കരാറിലെ വ്യവസ്ഥ (നമ്പർ 4) പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്ത് 6 മാസത്തിനുള്ളിൽ അനർട്ട് പദ്ധതി നിർവ്വഹണം പൂർത്തീകരിച്ച് നൽകുന്നതാണ്. എന്നാൽ നിലവിൽ പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടില്ല. പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്ന് സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള അനുമതി നേടിയിട്ടില്ല.

4.പ്രൊജക്ട് നിർവ്വഹണം സംബന്ധിച്ച് പഞ്ചായത്തും കെ എസ് ഇ ബിയും തമ്മിൽ നിലവിൽ കരാർ ഒപ്പ് വെച്ചിട്ടില്ല.

അപാകതകൾ പരിഹരിച്ച് പ്രൊജക്ട് നിർവ്വഹണം പൂർത്തിയാക്കേണ്ടതാണ്.

## 3-2 സെന്റേജ് ചാർജ് അധിക തുക നൽകി.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് പി ഡബ്ല്യ ഡി മാന്വൽ പ്രകാരം ബാധകമായ സെന്റേജ് ചാർജ് 10% ആണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികൾക്ക് 12.5% നിരക്കിലാണ് സെന്റേജ് ചാർജ് നൽകിയിരിക്കുന്നത്.പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് / വൗച്ചർ നമ്പർ | പ്രൊജക്ട് കോസ്റ്റ്,ചെലവ് വിവരം | നൽകിയ സെന്റേജ് ചാർജ് | നൽകാവുന്ന സെന്റേജ് ചാർജ് | അധികം |
|---|---|---|---|---|---|
| 1 | കുടിവെള്ള കണക്ഷൻ 218/17-18/ 11.07.2017 | 9861 | 1233 | 986 | 247 |
| 2 | കുടിവെള്ള കണക്ഷൻ 218/17-18/ 11.07.2017 | 11889 | 1486 | 119 | 1367 |
| ആകെ | | | | | 1614 |

നിയമ പ്രകാരമുള്ള സെന്റേജ് ചാർജ്ജ് മാത്രം നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-3 ഭിന്നശേഷി സ്കോളർഷിപ്പ് അർഹമായ നിരക്കിൽ നൽകിയില്ല

| | |
|---|---|
| പ്രൊജക്ട് നമ്പർ/പ്രോജക്ട് നിർവ്വഹണഉദ്യോഗസ്ഥ | S0023/18,ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| അടങ്കൽ<br>ചെലവ് | 500000/-<br>476250/- |
| ചെലവ് വിവരം /ബിൽ/ ചെക്ക് നം, തീയതി | 1)250000 (വികസനഫണ്ട്) -8/17-18/ 16.12.17<br>2) 125000 (ജില്ലാ പഞ്ചായത്ത്)-1750429/ |

| | |
|---|---|
| | 23.03.18<br>3)101250/-(ബ്ലോക്ക് പഞ്ചായത്ത്)-1750430/ 23.03.18 |

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ടിൻ കീഴിൽ ഭിന്നശേഷിയുള്ള 31 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 476250/- രൂപ ചെലവഴിച്ചിട്ടുണ്ട്. 31പേരിൽ 27 പേർ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളാണ്. സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.) നമ്പർ 80/2017/തസ്വഭവ/03.04.2017 പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നൽകാവുന്ന സ്കോളർഷിപ്പ് തുക താഴെക്കൊടുക്കുന്നു.

| ഇനം | സ്കോളർഷിപ്പ്/ബത്ത | |
|---|---|---|
| | പ്രതിമാസം | വാർഷികം |
| സ്കോളർഷിപ്പ് | 1000 | 12,000 |
| വസ്ത്രങ്ങൾക്കുള്ള ബത്ത | - | 1,500 |
| പഠനസഹായികൾക്ക്/ വിദ്യാഭ്യാസ സാമഗ്രികൾക്ക് ബത്ത | - | 2,000 |
| ഡേ സ്കോളർക്ക് യാത്രാബത്ത | 1000 | 10,000 |
| ഉല്ലാസ യാത്രാചെലവുകൾ | - | 1000 |
| ആകെ | | 26500 |

മാനസിക വെല്ലുവിളികൾ നേരിടുന്ന 27വിദ്യാർത്ഥികൾക്കായി 437643 രൂപ ചെലവഴിച്ചതിന്റെ വിവരം താഴെ പറയും പ്രകാരമാണ്

| നൽകിയ തുക വിദ്യാർത്ഥികളുടെ എണ്ണം x തുക | നൽകേണ്ട തുക | കുറവ് |
|---|---|---|
| 18 x15809= 284562<br>3 x17309 = 51927<br>1x17009= 17009<br>2 x16839= 33678<br>1x 16844= 16844<br>1 x16814= 16814<br>1x16809 =16809 | 26500 X 27 = 715500 | |
| ആകെ - 437643 | 715500 | 277857 |

വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട നിരക്കിൽ സ്കോളർഷിപ്പ് നൽകാതിരുന്നത് സംബന്ധിച്ച് വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി (നം.3/21.1.2019)/ന് ലഭിച്ച മറുപടിയിൽ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പ്രോജക്ടിന് വികസനഫണ്ടിനത്തിൽ പഞ്ചായത്തിൽ നിന്നും വകയിരുത്തിയ വിഹിതം കുറവായതു കാരണമാണ് ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികൾക്കും അർഹമായ രീതിയിൽ സ്കോളർഷിപ്പ് തുക നൽകുവാൻ കഴിയാതിരുന്നതെന്ന് വിശദീകരിച്ചു. ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികൾക്കും അർഹതപ്പെട്ട സ്കോളർഷിപ്പ് തുക നൽകേണ്ടതുമാണ്.

## 3-4 പാൽ സബ്സിഡി-നിരക്കിലെ അപാകത

സർക്കാർ വിഭാവനം ചെയ്യുന്ന സബ്സിഡി/ധനസഹായം പൂർണ്ണമായ തോതിൽ നൽകാൻ

പഞ്ചായത്തിന് സാധിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1) ക്ഷീര കർഷകർക്ക് സബ്സിഡി.

പ്രൊജക്റ്റ് നം : എസ്.ഒ 43/18
ചെലവഴിച്ച തുക :700000/- രൂപ ( 500000/- – വികസന ഫണ്ട് , 200,000 – ബ്ലോക്ക് വിഹിതം ).

പൈങ്ങോട്ടൂർ ക്ഷീരോത്പാദക സഹകരണ സംഘം, പോത്താനിക്കാട് ക്ഷീരോത്പാദക സഹകരണ സംഘം, എന്നീ 2 ക്ഷീരസംഘങ്ങളിലെ ക്ഷീരകർഷകർക്കാണ് സബ്സിഡി നൽകിയിരിക്കുന്നത്. 2 സംഘങ്ങൾക്കും 2017 ഏപ്രിൽ മുതൽ സെപ്തംബർ മാസം വരെയുള്ള 6 മാസ കാലയളവ് കണക്കാക്കി ഒരു ലിറ്റർ പാലിന് 3 രൂപ എന്ന കണക്കിൽ സബ്സിഡി നൽകുന്നതിന് പ്രോജക്റ്റ് തയ്യാറാക്കിയെങ്കിലും 3 രൂപയിൽ കുറവ് തുകയാണ് സബ്സിഡി ആയി നല്കിയിരിക്കുന്നത്. തുക അപര്യാപ്തമാണെന്നുള്ള വിവരം നിർവ്വഹണ ഉദ്യോഗസ്ഥൻ പഞ്ചായത്തിനെ അറിയിച്ചതായി ഓഡിറ്റ് വർഷത്തെ യാതൊരു രേഖയിലും കാണുന്നില്ല. 6 മാസത്തെ ഉത്പാദനമായ 262605 ലിറ്റർ പാലിനാണ് സബ്സിഡി നൽകിയത്. മൃഗസംരക്ഷണവും ക്ഷീര വികസനവും എന്ന വർക്കിംഗ് ഗ്രൂപ്പാണ് പ്രസ്തുത പദ്ധതി മോണിട്ടർ ചെയ്യേണ്ടത്.മേൽ വർക്കിംഗ് ഗ്രൂപ്പ് ഇത്തരത്തിലുള്ള മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല. പാലുത്പാദന മേഖലയിലെ ചെലവ് അധികമായതിനാൽ ക്ഷീരകർഷകർക്ക് തങ്ങളുടെ മേഖലയിൽ പിടിച്ച് നിൽക്കുന്നതിനാണ് ഇത്തരത്തിലുള്ള സബ്സിഡി നൽകുന്നത്. 3 രൂപയും ഡയറി ഡിപ്പാർട്ട്മെന്റ് നേരിട്ട് നൽകുന്ന ഒരു രൂപയും അടക്കം 4 രൂപയാണ് ആകെ സബ്സിഡി. വരുംവർഷങ്ങളിൽ മുൻ വർഷത്തെ യഥാർത്ഥ വാർഷിക ഉദ്പാദനം കണക്കിലെടുത്ത് മതിയായ തുക ക്ഷീര കർഷകർക്ക് ലഭ്യമാക്കി പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം നിറവേറ്റാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 തെരുവു വിളക്ക് പരിപാലനം -അപാകതകൾ

തെരുവു വിളക്ക് പരിപാലനം സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. പഞ്ചായത്ത് ഡയറക്ടറുടെ 17.8.2015 ലെ ജി2 – 44274/2015 നമ്പർ ഉത്തരവ് പ്രകാരം സൂക്ഷിക്കുവാൻ നിർദ്ദേശിച്ച, ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴുവൻ തെരുവുവിളക്കുകളുടേയും വിവരങ്ങൾ (പോസ്റ്റ് നമ്പർ ഉൾപ്പെടെ) രേഖപ്പെടുത്തിയ രജിസ്റ്റർ നിലവിൽ സൂക്ഷിക്കുന്നില്ല.

2. തെരുവു വിളക്കുകളുടെ പരാതി രജിസ്റ്ററിൽ പരാതി പരിഹരിച്ചതായി രേഖപ്പെടുത്തലില്ല.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 100,000 | 43/18- ക്ഷീര കർഷകർക്ക് | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 100,000 | 44/18- ക്ഷീര കർഷകർക്ക് | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 221000 | 46/18- നെൽകൃഷിക്ക് കൂലി ചെലവും വിത്ത് | 221000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 101250 | 23/18 ഭിന്ന ശേഷിക്കാർക്ക് സ്കോളർഷിപ്പ് | 101250 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 125000 | 23/18 ഭിന്ന ശേഷിക്കാർക്ക് സ്കോളർഷിപ്പ് | 125000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 112833 | 128/18 – ലൈഫ് ഭവന പദ്ധതി | 112833 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 2000000 | 136/18 – ലൈഫ് ഭവന പദ്ധതി | 26863 | 1973137 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർനം./ ബിൽ നം | മുൻകൂർ നൽകിയ തുക | ചെലവ ഴിച്ച തുക | ചെലവഴി ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ- കാളിയാർ - മൂവാറ്റുപുഴ റോഡ് | 0252140/ 13.07.2017 | 40500 | 40500 | 0 |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം തിരിച്ചടച്ച വായ്പയുടെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ

കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇ.എം.എസ്. ലോൺ തിരിച്ചടവ് | സ.ഉ.(സാ.ധാ) 1098/2010/ ത.സ്വ.ഭ.വ /27.03.2010 | 31,05,000 | 5,58,3122 | 300000 | 258312 |

# 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6. ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ (രജിസ്റ്റർ പ്രകാരം) ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ / സ്ഥാപനത്തിന്റെ പേര് | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2016-17 | 2.3 | 5120 | സെന്റ് മേരീസ് ഹോസ്പിറ്റൽ | 93366100072/ 27.11.17 |
| | 2.4 a | 1762 | ആദായ് റ്റി എം | 117030101355/ 20.10.17 |
| | 2.4 b | 2625 | പ്രീതി ഡോമിനിക് | 117030101351/ 19.10.17 |
| | 2.5(1) | 6380 | ഭാരതി ഇൻഫ്രാടെക് | 117030400008/ 30.10.17 |
| | 2.5(4) | 8666 | ഐഡിയ സെല്ലുലാർ | 117030400007/ 30.10.17 |
| | 2.6(1) | 2500 | വനിത മിൽക്ക് കോ ഓപ്പറേറ്റീവ് സൊസൈറ്റി | 117030101419/ 25.10.17 |
| | 2.6(5) | 2500 | വനിത കോ ഓപ്പറേറ്റീവ് സൊസൈറ്റി | 11703010379/ 21.10.17 |
| | 2.6(6) | 900 | തൃക്കേപ്പടി പി ഡി ഡി പി | 117030101525/ 04.10.17 |

| | | | | |
|---|---|---|---|---|
| | 2.6(5) | 900 | അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് | 117030101755/ 22.11.17 |
| | 2.6(1) | 2500 | ഗ്രേസ് ഓഡിറ്റോറിയം | 117030101416/ 25.10.17 |
| | 2.6(2) | 2500 | ഇരുമ്പയിൽ ഓഡിറ്റോറിയം | 117030101590/ 08.11.17 |
| | 2.3(5) | 600 | സി റ്റി ഐസക് | 117030101414/ 24.11.17 |
| | 2.3(11) | 600 | ബാബു വർഗ്ഗീസ് | 117030101446/ 26.10.17 |
| | 2.3(13) | 800 | സാബു റ്റി വർഗ്ഗീസ് | 117030101381/ 21.10.17 |
| | 2.9 | 200 | അബൂസ് ബേക്കറി | 117030101881/ 30.11.17 |
| | 2.9(3) | 400 | കാറ്ററിംഗ് | 117030101607/ 09.11.17 |
| | 2.9(4) | 300 | സെന്റ് മേരീസ് മെഡിക്കൽസ് | 117030101458/ 27.10.17 |
| | 2.9(6) | 400 | ജംബോ ട്രേഡേഴ്സ് | 117030101596/ 09.11.17 |
| | 2.10(5) | 200 | സി റ്റി ഐസക് | 117030101415/ 24.10.17 |
| | 2.10(9) | 200 | ജിപ്സൺ ജോർജ് | 117030101474/ 28.10.17 |
| | 2.10(10) | 200 | ജോജി അബ്രഹാം | 117030101473/ 28.10.17 |
| | 2.10(11) | 200 | ബാബു വർഗ്ഗീസ് | 117030101444/ 26.10.17 |
| | 2.10(13) | 200 | സാബു റ്റി വർഗ്ഗീസ് | 117030101380/ 21.10.17 |
| | 2.11(1) | 1200 | അനിമോൻ | 117030101693/ 16.11.17 |
| | 2.11(6) | 1200 | ബേസിൽ പോൾ | 117030101694/ 16.11.17 |
| ആകെ | | 45053 | | |

## **4-7.** സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998 മുതൽ 2001-02 വരെയുള്ള പദ്ധതി ചെലവ് | 20 | 2014-15 | 3.7.1.9.3 | ഗ്രാമ പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം- അപാകത | WP(C)18345/2008 നം പ്രകാരം സ്റ്റേയിലാണ്. |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം.

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 34785767 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 30789097 |
| വരവിനങ്ങളിലുള്ള നഷ്ടം | 1100 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | --- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | --- |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി-യിലേയും സി-യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-2 | 1100 | | ചന്ദ്രൻ നായർ.കെ, സെക്രട്ടറി. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ചന്ദ്രൻ നായർ.കെ, സെക്രട്ടറി. | സെക്രട്ടറി, പോത്താനിക്കാട് ഗ്രാമ പഞ്ചായത്ത് | കല്ലറക്കൽ വീട് , നെല്ലിക്കുഴി പി ഒ, കോതമംഗലം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഇ(പി1) 89/98 തീ. 04.01.1999 |
| 1997-98 | എൽ.എഫ്.ഇ(പി1)1148/98 തീ. 04.01.1999 |
| 1998-99 മുതൽ 2001-02 വരെയുള്ള പദ്ധതി ചെലവ് | എൽ.എഫ്.ഇ(പി1) 72/2004 തീ. 13.092.04 |
| 2001-2002 പദ്ധതി ചെലവ് | എൽ.എഫ്.ഇ(പി1) 1610/2009 തീ. 23.07.10 |
| 2002-2003 | എൽ.എഫ്.ഇ(പി7) 1611/2009 തീ. 23.07.10 |
| 2003-2004 | എൽ.എഫ്.ഇ(പി7) 1612/2009 തീ. 23.07.10 |
| 2004-2005 | എൽ.എഫ്.ഇ(പി7) 1613/2009 തീ. 23.07.10 |
| 2005-2006 | എൽ.എഫ്.ഇ(പി7) 1614/2009 തീ. 23.07.10 |
| 2006-2007 | എൽ.എഫ്.ഇ(പി7) 916/2011തീ. 26.12.2011 |
| 2007-2008 | എൽ.എഫ്.ഇ(പി7) 916(എ)/2011തീ.26.12.2011 |
| 2008-2009 മുതൽ 2010-2011 വരെ | എൽ.എഫ്.ഇ(പി7)165/2013 തീ. 26.12.2013 |
| 2011-2012 | എൽ.എഫ്.ഇ(പി7) 1589/2014 തീ.05.11.14/12.12.2014 |
| 2012-13 & 2013-14 | കെ.എസ്.എ.ഇ.കെ.എം(പി7) 495/15 തീ. 22.05.2015/ 17.07.15 |
| 2014-15 | കെ.എസ്.എ.ഇ.കെ.എം(പി7)1331/16 തീ. 07.08.2016 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം (പി14)77/17 തീ. 31.01.17 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം (പി14)1495/17 തീ. 14.09.17 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുവാൻ വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

.

## <u>അനുബന്ധം-1</u>

## <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

.1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64

എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡിസിബി സ്റ്റേറ്റ്മെന്റ് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.
2. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായി അക്കൌണ്ട് ചെയ്ത് വാർഷിക കണക്കുകമായി പൊരുത്തപ്പെടുത്തിയിട്ടില്ല.
3. ഇൻകം ആൻഡ് എക്സ്പെന്ഡീച്ചർ 1-16 ഷെഡ്യൂളിൽ ട്രേഡേഴ്സ് പ്രൊഫഷൻ ടാക്സ് (270300102), shopping complex rent (270300201), other Income Written off (270309901) എന്നീ ഹെഡ്ഡുകളിൽ യഥാക്രമം രൂ. 90.120, രൂപ 4,070, രൂ. 13,500 എന്നീ തുകകൾ 98 ലെ കേരള പഞ്ചായത്ത് രാജ് (വസൂലാക്കാൻ സാധിക്കാത്ത തുകകൾ എഴുതിത്തള്ളൽ) ചട്ടങ്ങൾ 3(1) 3 (3) 3 (6) എന്നിവ പാലിക്കാതെ എഴുതിത്തള്ളിയിട്ടുണ്ട്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്